(സി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടി പർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ടുന്ന മൈലം പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് മൾട്ടിപർപ്പസ് മിനി സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നൽകിയ നിവേദനം കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ 26-11-2014-ന് ലഭിച്ചിട്ടുണ്ട്. ടി നിവേദനം, പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് നൽകുകയും നാഷണൽ ഗെയിംസ് ചീഫ് എഞ്ചിനീയർ ടി സ്ഥലം 30-11-2015-ൽ പരിശോധന നടത്തിയിട്ടുമുണ്ട്. പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

ലോംഗ് ജംപ് പിറ്റിന്റെ നിർമ്മാണം

283 (3795) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ അനുവദിച്ച ലോംഗ് ജംപ് പിറ്റിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പിറ്റിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആലപ്പുഴയിലെ സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ, പള്ളിത്തോട്, ചേർത്തലയിൽ ലോംഗ് ജംപ് പിറ്റ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 18-3-2015-ന് പൂർത്തീകരിച്ചിട്ടുമുണ്ട്.

കായികവികസന ഫണ്ട്

284 (3796) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 2012-13 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന കായിക വികസന ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ടിലേയ്ക്ക് ഇതുവരെ എത്ര തുക ലഭിച്ചു; തുക ലഭിച്ചത് എവിടെ നിന്നെല്ലാമാണെന്നും എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികളിൽ ഇനിയും നടപ്പാക്കാത്തവ ഏതെല്ലാം; പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വീതം അനുവദിക്കപ്പെട്ടിരുന്നുവെന്നും ഇതിൽ എത്ര തുക പിൻവലിക്കാതെ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായികവികസന നിധിയിലേയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽനിന്നും താഴെ പറയുംപ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

2011-12 - 25 ലക്ഷം

2013-14 - 50 ലക്ഷം

2014-15 - 40 ലക്ഷം

2015-16 - 40 ലക്ഷം

(സി) കായിക വികസന നിധിയുടെ നടത്തിപ്പിനായി ട്രസ്റ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി നിധിയിൽനിന്നും തുക അനുവദിച്ച് തുടങ്ങിയിട്ടില്ല.

ദേശീയ ഗെയിംസ് സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ അപാകതകൾ

285 (3797) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ സംഘാടക സമിതിയുടെ കെടുകാര്യസ്ഥത മൂലം കോടിക്കണക്കിന് രൂപ നഷ്ടം സംഭവിക്കുകയുണ്ടായോ;

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly